**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1334** | **01-02-2024 - ൽ മറുപടിയ്ക്ക്**

**ദേശീയപാതകളുടെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ദേശീയപാതകളുടെ നിർമ്മാണത്തിന് നിർമ്മാണ സാമഗ്രികളുടെ അഭാവം പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതൊക്കെ ദേശീയപാതകളുടെ നിർമ്മാണ പ്രവൃത്തികൾ ആണ് ഈ കാരണത്താൽ പ്രതിസന്ധിയിൽ ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ദേശീയപാതാ വികസന പ്രവർത്തനത്തിന് നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നതിന് വേണ്ടി ദേശീയപാത അതോറിറ്റി ചില ആവശ്യങ്ങൾ മുന്നോട്ടു വച്ചിരുന്നു. സർക്കാർ ഭൂമിയിൽ ക്വാറി സ്ഥാപിച്ച് ഖനനം നടത്തുന്നതിന് ദേശീയപാത അതോറിറ്റി കോൺട്രാക്ടർക്ക് മുൻഗണന നൽകുന്നത്, ദേശീയപാത വികസനത്തിനായി ഉപയോഗിക്കുന്ന ഡ്രഡ്ജ് ചെയ്ത മണലിന് റോയൽറ്റി/ സെൻജിയറേജ് ചാർജ്ജ് എന്നിവ ഒഴിവാക്കുന്നത്, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മണ്ണ് എടുക്കുന്നതിന് (ബോറോ ഏരിയ പെർമിഷൻ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി ലഭ്യമാകുന്നത് തുടങ്ങിയ വിഷയങ്ങളിൽ നടപടി സ്വീകരിക്കണമെന്ന് ദേശീയപാത അതോറിറ്റി അഭ്യർത്ഥിച്ചിരുന്നു.<br><br>ഈ വിഷയങ്ങൾ സംബന്ധിച്ച് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രിയും, ചീഫ് സെക്രട്ടറിയും യോഗങ്ങൾ നടത്തുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾക്കായി ദേശീയപാത അതോറിറ്റി സംസ്ഥാന സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ദേശീയപാത അതോറിറ്റി സർക്കാരിനെ സമീപിച്ചതെന്നും എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പ്രസ്തുത ആവശ്യങ്ങളിൻമേൽ സംസ്ഥാന സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ